സത്യവിശ്വാസികളുടെ ജീവിത ലക്ഷ്യം പരലോക മോക്ഷമാണ്. പരലോക മോക്ഷം സാധ്യമാവുന്നത് സൽകർമ്മങ്ങളിലൂടെയാണ്. ലോകർക്ക് അനുഗ്രഹമായി നിയോഗിതനായ അന്ത്യപ്രവാചകൻ(ﷺ) തന്റെ 23 വർഷത്തെ പ്രവാചകജീവിതത്തിൽ അനുവർത്തിച്ചിട്ടുള്ള കാര്യങ്ങളാണ് സൽകർമ്മങ്ങൾ. ഇസ്‌ലാമിൽ ഒരു പ്രവർത്തനം സൽകർമ്മമാവാൻ മൂന്ന് നിബന്ധനകളുണ്ട്. അവ ഒന്ന്: അല്ലാഹുവിൽ വിശ്വസിക്കുക, രണ്ട്:കർമ്മങ്ങൾ അല്ലാഹുവിന് നിഷ്കളങ്കമാക്കി ചെയ്യുക, മൂന്ന്: പ്രവാചകൻ(ﷺ) ചെയ്ത കാര്യങ്ങൾ അതേരൂപത്തിൽ ചെയ്യുക എന്നിവയാണ്. തിന്മകളും, ബിദ്അത്തുകളും വെടിഞ്ഞ് കൊണ്ട് സൽകർമ്മങ്ങൾ ചെയ്യുവാൻ ഓരോ വിശ്വാസികളും ഇതര വിശ്വാസികളെയും അതിന്നായി പ്രേരിപ്പിക്കേണ്ടതുണ്ട്. സൽകർമ്മങ്ങൾ ചെയ്യുവാൻ പ്രോൽസാഹനം നൽകുന്ന തത്സംബന്ധമായ ചില പ്രവാചക വചനങ്ങൾ വിശദീകരിക്കുയാണ് ഇവിടെ. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ.

☞ ഒരു മാതാവ് പ്രസവിച്ച കുഞ്ഞിനെപോലെ നിർമ്മലനായി മടങ്ങുവാൻ നീ ആഗ്രഹിക്കുന്നുണ്ടോ?

✯ പ്രവാചകൻ(ﷺ) പറയുന്നു:"അനാവശ്യങ്ങളോ, സ്ത്രീ പുരുഷ സംസർഗ്ഗമോ ചെയ്യാതെ ഈ ഭവനത്തിൽ (ഹജ്ജിന്) വന്നവൻ, അവന്റെ മാതാവ് അവനെ പ്രസവിച്ച നാളിലെപ്പോലെ വിശുദ്ധനായി മടങ്ങും." (ബുഖാരി, മുസ്‌ലിം.)

☞ മുൻകഴിഞ്ഞ നിന്റെ പാപങ്ങൾ മുഴുവനും പൊറുക്കപ്പെടുവാൻ നീ ആഗ്രഹിക്കുന്നുണ്ടോ?

✯ പ്രവാചകൻ(ﷺ) പറയുന്നു: "ആരെങ്കിലും ഞാൻ വുളൂഅ് വരുത്തിയത്പോലെ വുളൂഅ് ചെയ്ത് കൊണ്ട് രണ്ട് റകഅത്ത് നമസ്കരിക്കുകയാണെങ്കിൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ മുഴുവനും പൊറുക്കപ്പെടുന്നതാണ്" (ബുഖാരി)

☞ വ്യക്തികളുടെയത്രയും നന്മ ലഭിക്കുവാൻ നീ ആഗ്രഹിക്കുന്നുണ്ടോ?

✯ പ്രവാചകൻ(ﷺ) പറയുന്നു: "ആരെങ്കിലും സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടി പാപമോചനം നടത്തുകയാണെങ്കിൽ അവന് അല്ലാഹു ഓരോ വിശ്വാസിക്കും വിശ്വാസിനിക്കുമനുസരിച്ച് നന്മ രേഖപ്പെടുത്തുന്നതാണ്"

☞ പർവ്വതങ്ങൾ പോലെയുള്ള നന്മകൾ നീ ഇഷ്ടപ്പെടുന്നുണ്ടോ?

✯ പ്രവാചകൻ(ﷺ) പറയുന്നു: "വിശ്വാസത്തോടെ പ്രതിഫലേഛയോടെ ഒരാൾ ഒരു മുസ്‌ലിമിന്റെ ജനാസയെ പിൻപറ്റുകയും അദ്ദേഹത്തിന്വേണ്ടി നമസ്കരിച്ച് മറമാടുകയും ചെയ്തതിന് ശേഷം മടങ്ങുകയാണെങ്കിൽ അവൻ രണ്ട് ഖീറാത്ത് പ്രതിഫലവുമായിട്ടാണ് മടങ്ങുന്നത്. ഓരോ ഖീറാത്തും ഉഹ്ദ്മല പോലെയാണ്. ആരെങ്കിലും മയ്യിത്ത് നമസ്കാരം കഴിഞ്ഞ് മടങ്ങുകയാണെങ്കിൽ അവനൊരു ഖീറാത്തുമായിട്ടാണ് മടങ്ങുന്നത്"(തിർമിദി)

☞ ഒരു നന്മ കരഗതമാക്കുവാൻ നീ ഉദ്ദേശിക്കുന്നുണ്ടോ?

✯ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും ഒരു നന്മ ഉദ്ദേശിച്ചു, അത് ചെയ്തില്ലെങ്കിലും അവന് ഒരു നന്മ രേഖപ്പെടുത്തുന്നതാണ്" (ബുഖാരി)



☞ പത്ത് നന്മ ലഭിക്കുവാൻ നീ ആഗ്രഹിക്കുന്നുണ്ടോ?

✯ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്ന് ഒരു അക്ഷരം പാരായണം ചെയ്താൽ അവന് എല്ലാ അക്ഷരങ്ങൾക്കും പത്ത് നന്മയുണ്ട്" (തിർമിദി)

☞ അൻപത് നന്മ ലഭിക്കുവാൻ നീ ആഗ്രഹിക്കുന്നുണ്ടോ?

✯ പ്രവാചകൻ(ﷺ) തന്റെ രക്ഷിതാവിൽ നിന്ന് നമസ്കാരം നിർബ്ബന്ധമാക്കിയ സന്ദർഭത്തിൽ അല്ലാഹു പറഞ്ഞതായി പറയുന്നു: "നമ്മുടെയടുത്ത് വചനങ്ങൾക്ക് മാറ്റമില്ല, അത് (നമസ്കാരം) അഞ്ചാണ്, അത് പ്രതിഫലത്തിൽ അൻപതാണ്" (ബുഖാരി)

☞ നൂറ് നന്മ ലഭിക്കുവാൻ നീ ആഗ്രഹിക്കുന്നുണ്ടോ?

✯ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും ഒറ്റയടിക്ക് ഒരു പല്ലിയെ കൊല്ലുകയാണെങ്കിൽ അവന് നൂറ് നന്മയുണ്ട്" (മുസ്‌ലിം, ഇബ്നുമാജ, അഹ്മദ്)

☞ എഴുനൂറ് നന്മ ലഭിക്കുവാൻ നീ ആഗ്രഹിക്കുന്നുണ്ടോ?

✯ അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴ് കതിരുകൾ ഉല്പാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും" (അൽബഖറ:261)

☞ ഇതിനേക്കാൾ കൂടുതൽ നന്മ ലഭിക്കുവാൻ നീ ആഗ്രഹിക്കുന്നുണ്ടോ?

✯ അല്ലാഹു പറയുന്നു: "അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് ഇരട്ടിയിരട്ടിയായി നൽകുന്നു" (അൽബഖറ:261)

☞ കണക്കില്ലാത്ത പ്രതിഫലം നീ ആഗ്രഹിക്കുന്നുവോ?

✯ "ക്ഷമാശീലർക്കു തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റി കൊടുക്കപ്പെടുന്നത്" (സുമർ:10)

☞ പാപങ്ങൾ പൊറുക്കപ്പെടുവാൻ നീ ഉദ്ദേശിക്കുന്നുവോ?

✯ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും 'സുബ്ഹാനല്ലാഹി വബി ഹംദിഹി' എന്നത് ഒരുദിവസം നൂറ്തവണ പറയുകയാണെങ്കിൽ അവന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്, സമുദ്രത്തിലെ നുരകണക്കെ പാപങ്ങളുണ്ടായിരുന്നാലും ശരി" (ബുഖാരി,)

☞ പരലോകത്ത് രക്ഷ നീ ആഗ്രഹിക്കുന്നുണ്ടോ?

✯ പ്രവാചകൻ(ﷺ) പറഞ്ഞു: "ഒരാളുടെ പ്രയാസത്തെ നീ ലഘൂകരിക്കുകയോ, പരിഹരിക്കുകയോ ചെയ്താൽ അവന്അല്ലാഹുവിന്റെ തണലല്ലാതെ വേറെ തണലൊന്നും ലഭിക്കാത്ത ദിവസം അവന്റെ തണൽ ലഭിക്കുന്നതാണ്" (തിർമിദി)

☞ പരലോകത്ത് നിന്റെ ന്യൂനത മറക്കുവാൻ നീ ഉദ്ദേശിക്കുന്നുവോ?

✯ പ്രവാചകൻ(ﷺ) പറഞ്ഞു:"ആരെങ്കിലും ഇഹലോകത്ത് തന്റെ സഹോദരന്റെ ന്യൂനത മറച്ചുവോ പരലോകത്ത് അവന്റെ ന്യൂനത അല്ലാഹു മറക്കുന്നതാണ്" (അഹ്മദ്)

☞ നരകചൂടിൽ നിന്നും രക്ഷപ്പെടുവാൻ നീ ഉദ്ദേശിക്കുന്നുവോ?

✯ പ്രവാചകൻ(ﷺ) പറഞ്ഞു: "മൂന്ന് പെൺമക്കളുള്ള ഒരുവൻ അവരിൽ ക്ഷമിക്കുകയും, തന്റെ സമ്പാദ്യത്തിൽ നിന്ന് അവരെ ഭക്ഷിപ്പിക്കുകയും കുടിപ്പിക്കുകയും ധരിപ്പിക്കുകയും ചെയ്താൽ



പരലോകത്ത് അവർ അവന് നരകചൂടിൽ നിന്നും ഒരു മറയായിരിക്കുന്നതാണ്" (ഇബ്നുമാജ)

☞ പ്രവാചകൻ(ﷺ)യുടെ ശുപാർശ നീ ആഗ്രഹിക്കുന്നുവോ?

✯ പ്രവാചകൻ(ﷺ)പറഞ്ഞു: "പ്രഭാതത്തിലും പ്രദോഷത്തിലും ആരെങ്കിലും എന്റെ പേരിൽ പത്ത്വീതം സ്വലാത്ത് ചൊല്ലിയാൽ അവസാനനാളിൽ അവനെന്റെശുപാർശ ലഭിക്കുന്നതാണ്"(ത്വ:)

☞ നരക മോചനം നീ ആഗ്രഹിക്കുന്നുവോ?

✯ പ്രവാചകൻ(ﷺ) പറഞ്ഞു: "പരദൂഷണം കൊണ്ട് തന്റെ സഹോദരന്റെ അഭിമാനത്തെ ക്ഷതപ്പെടുത്തുന്നതിൽ നിന്നും ആരെങ്കിലും തടയുകയാണെങ്കിൽ അവനെ നരകത്തിൽ നിന്നും മോചിപ്പിക്കൽ അല്ലാഹുവിന്റെ അവകാശമാകുന്നു" (അഹ്മദ്)

☞ സ്വർഗത്തിൽ ഒരു വീട് നീ ഇഷ്ടപ്പെടുന്നില്ലേ?

✯ പ്രവാചകൻ(ﷺ) പറഞ്ഞു: "അല്ലാഹുവിനെ സ്മരിക്കുവാൻ വേണ്ടി ആരെങ്കിലും ഒരു പള്ളി നിർമ്മിക്കുകയാണെങ്കിൽ അവന് അത്പോലെ സ്വർഗത്തിൽ ഒരു വീട് അല്ലാഹു നിർമ്മിച്ച് നൽകുന്നതാണ്" (മുസ്‌ലിം) "ആരെങ്കിലും ഒരു ദിവസം പന്ത്രണ്ട് റകഅത്ത് സുന്നത്ത് നമസ്കാരം പതിവാക്കിയാൽ അവന് അല്ലാഹു സ്വർഗത്തിൽ ഒരു വീട് നിർമ്മിച്ച് നൽകുന്നതാണ്"(തിർമിദി) "ആരെങ്കിലും 'ഖുൽ ഹുവല്ലാഹു അഹദ്' സൂറത്ത് പത്ത് പ്രാവശ്യം പാരായണം ചെയ്യുകയാണെങ്കിൽ അവനല്ലാഹു സ്വർഗത്തിൽ ഒരു വീട് നിർമ്മിച്ച് നൽകുന്നതാണ്"(ദാരിമി)

☞ പരലോകത്ത് വിലപിടിപ്പുള്ള വസ്ത്രം നീ ആഗ്രഹിക്കുന്നില്ലെ?

✯ പ്രവാചകൻ(ﷺ) പറഞ്ഞു:"അല്ലാഹുവിന് വേണ്ടി വിനയം പ്രകടിപ്പിച്ച് കൊണ്ട് ആരെങ്കിലും വിലപിടിപ്പുള്ള വസ്ത്രം വാങ്ങുവാൻ സാധിക്കെ അവനതുപേക്ഷിക്കുകയാണെങ്കിൽ അവസാനനാളിൽ അല്ലാഹു തന്റെ സൃഷ്ടികൾക്കിടയിൽ നിന്ന് അവനെ വിളിക്കുകയും വിലപിടിപ്പുള്ള വസ്ത്രം തിരെഞ്ഞെടുത്ത് ധരിക്കുവാൻ അവസരം നൽകുകയും ചെയ്യുന്നതാണ്" (തിർമിദി)

☞ പട്ട് വസ്ത്രം നീ ഇഷ്ടപ്പെടുന്നുവോ?

✯ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും ഒരു മുസ്‌ലിമിനെ കഫൻ ചെയ്യുകയാണെങ്കിൽ അല്ലാഹു അവനെ പട്ട്വസ്ത്രം ധരിപ്പിക്കുന്നതാണ്"

☞ സ്വർഗത്തിൽ നീ മരങ്ങൾ ആഗ്രഹിക്കുന്നുവോ?

✯ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും 'സുബ്ഹാനല്ലാഹ് വബി അംദിഇ' എന്ന് പറയുകയാണെങ്കിൽ അതുമുഖേന പരലോകത്ത് അല്ലാഹു അവനൊരു ഈത്തപ്പന വെച്ച് പിടിപ്പിക്കുന്നതാണ്" (തിർമിദി)

☞ സ്വർഗ സ്ത്രീകളെ നീ ഇഷ്ടപ്പെടുന്നില്ലെ?

✯ പ്രവാചകൻ(ﷺ) പറഞ്ഞു: "താൻ ഉദ്ദേശിച്ചത് ചെയ്യുവാൻ കഴിവുണ്ടായിരിക്കെ തന്റെ കോപത്തെ ആരെങ്കിലും ഒതുക്കി വെക്കുകയാണെങ്കിൽ അവസാന നാളിൽ അല്ലാഹു അവനെ തന്റെ സൃഷ്ടികൾക്കിടയിൽ വെച്ച് വിളിക്കുകയും സ്വർഗ സ്ത്രീകളെ കാണിച്ച് കൊടുത്ത് ഇഷ്ടമുള്ളവരെ വിവാഹം കഴിക്കുവാൻ അവസരം നൽകുകയും ചെയ്യുന്നതാണ്" (തിർമിദി)

☞ അല്ലാഹുവിൻെറയടുത്ത് നിൻെറ പദവി ഉയരുവാൻ നീ ആഗ്രഹിക്കുന്നില്ലേ?

✫ പ്രവാചകൻ(ﷺ)പറഞ്ഞു: "ആർ അല്ലാഹുവിന് വേണ്ടി വിനയം പ്രകടിപ്പിക്കുന്നുവോ അവൻെറപദവി അല്ലാഹു ഉയർത്തുന്നതാണ്" (അഹ്മദ്)

☞ പിശാചിൽ നിന്ന് നിനക്ക് രക്ഷ ലഭിക്കേണ്ടതില്ലേ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും 'ലാഇലാഹ ഇല്ലല്ലാഹ് വഹ്ദഹു ലാ ശരീക ലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ' എന്ന് ഒരു ദിവസം നൂറ് തവണ പറയുകയാണെങ്കിൽ അവന് നൂറ് നന്മ രേഖപ്പെടുത്തുകയും, അവൻെറ നൂറ് തിന്മ മായ്ക്കപ്പെടുകയും, അതവന് വൈകുന്നേരമാകുന്നത് വരെ പിശാചിൽ നിന്ന് രക്ഷയുമായി തീരുന്നതാണ്" (ബുഖാരി)

☞ ദജ്ജാലിൻെറ ഫിത്നയിൽ നിന്നും നിനക്ക് രക്ഷ വേണ്ടതില്ലേ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും സൂറത്ത് കഹ്ഫിലെ ആദ്യത്തെ പത്ത് ആയത്തുകൾ മനഃപാഠമാക്കിയാൽ അവന് ദജ്ജാലിൻെറ ഫിത്നയിൽ നിന്ന് രക്ഷ ലഭിക്കുന്നതാണ്" (അബൂദാവൂദ്)

☞ ദീർഘായുസ്സും, ഭക്ഷണ വിശാലതയും ലഭിക്കേണ്ടതില്ലേ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും ഭക്ഷണ വിശാലതയും, ദീർഘായുസ്സും ആഗ്രഹിക്കുന്നുവെങ്കിൽ അവൻ കുടുംബ ബന്ധം ചേർക്കട്ടെ" (ബുഖാരി)

☞ അല്ലാഹുവിൻെറ സംരക്ഷണവും, കാവലും നീ ആഗ്രഹിക്കുന്നില്ലെ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു:"ആരെങ്കിലും സുബഹി നമസ്കരിക്കുകയാണെങ്കിൽ അവൻ അല്ലാഹുവിൻെറ സംരക്ഷണത്തിലാണ്, അവൻെറ വിചാരണ അല്ലാഹുവിലാകുന്നു" (മുസ്‌ലിം.)

☞ ഒരിക്കലും അല്ലാഹുവിനെ ധിക്കരിക്കുകയോ, തെറ്റുകൾ ചെയ്യുകയോ ചെയ്യാത്തവരുടെ പ്രാർത്ഥന നീ ആഗ്രഹിക്കുന്നില്ലേ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും തൻെറ സഹോദരന് വേണ്ടി അവൻെറ അസാന്നിദ്ധ്യത്തിൽ പ്രാർത്ഥിക്കുകയാണെങ്കിൽ അല്ലാഹു ചുമതലയേൽപിച്ച മലക്ക് അതിന് ആമീൻ പറയുകയും, നിനക്കും അപ്രകാരം എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നതാണ്" (മുസ്‌ലിം.)

☞ നരകത്തിൽ നിന്നും, നിഫാഖിൽ നിന്നുമുള്ള മോചന കരാർ നീ ഇഷ്ടപ്പെടുന്നില്ലേ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും നാൽപത് ദിവസം ഒന്നാമത്തെ തക്ബീറത്തുൽ ഇഹ്റാം ലഭിക്കുന്ന രൂപത്തിൽ ജമാഅത്തായി നമസ്കരിക്കുകയാണെങ്കിൽ അവന് രണ്ട് മോചനം ലഭിക്കുന്നതാണ്. നരകത്തിൽ നിന്നും നിഫാഖിൽ നിന്നുമുള്ള മോചനം" (തിർമിദി)

☞ ഒരു അടിമയെ മോചിപ്പിച്ച പ്രതിഫലം നീ ഇഷ്ടപ്പെടുന്നുവോ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും കഅബയെ ത്വവാഫ് ചെയ്തുകൊണ്ട് രണ്ട് റകഅത്ത് നമസ്കരിക്കുകയാണെങ്കിൽ അവന് ഒരു അടിമയെ മോചിപ്പിച്ച പ്രതിഫലമുണ്ട്" (ഇബ്നുമാജ)

☞ അല്ലാഹുവിൻെറ  സ്വലാത്ത് ലഭിക്കുവാൻ നീ ഇഷ്ടപ്പെടുന്നില്ലേ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും എൻെറ പേരിൽ സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവൻെറ പേരിലും സ്വലാത്ത് ചൊല്ലുന്നതാണ്. ഉന്നതന്മാരുടെയടുത്ത് അവനെപ്പറ്റി പറയുന്നതുമാണ്" (മുസ്‌ലിം.)

☞ അല്ലാഹുവിൻെറ മാർഗത്തിലുള്ള രക്തസാക്ഷ്യം നീ ഇഷ്ടപ്പെടുന്നുവോ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും യഥാർത്ഥ രൂപത്തിൽ രക്തസാക്ഷ്യം ആവശ്യപ്പെടുകയാണെങ്കിൽ അവനത് ലഭിക്കും, അവൻ രക്തസാക്ഷിആയില്ലെങ്കിലും" (മുസ്‌ലിം.)



☞ അല്ലാഹുവിലേക്ക് അടുക്കുവാൻ നീ ഉദ്ദേശിക്കുന്നുവോ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "ഒരടിമ തൻെറ രക്ഷിതാവിനോട് ഏറ്റവും കൂടുതൽ അടുക്കുന്നത് അവൻ സുജൂദിലായിരിക്കെയാണ്, അതുകൊണ്ട് നിങ്ങൾ അതിൽ പ്രാർത്ഥന അധികരിപ്പിക്കുക" (മുസ്‌ലിം)

☞ രാത്രി മുഴുവനും നിന്ന് നമസ്കരിച്ചവൻെറ പ്രതിഫലം നിനക്ക് ലഭിക്കേണ്ടതില്ലേ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും ഇശാഅ് ജമാഅത്തോടെ നമസ്കരിക്കുകയാണെങ്കിൽ അവൻ പകുതി രാത്രി നിന്ന് നമസ്കരിച്ചവനെ പോലെയാണ്, ആരെങ്കിലും സുബഹി ജമാഅത്തോടെ നമസ്കരിക്കുകയാണെങ്കിൽ അവൻ രാത്രി മുഴുവനും നമസ്കരിച്ചവനെ പൊലെയാണ്" (മുസ്‌ലിം)

☞ നരകത്തിൽ നിന്നും നിന്നെ എഴുപത് ഖരീഫ് ദൂരം അകറ്റി നിറുത്തുവാൻ നീ ആഗ്രഹിക്കുന്നില്ലേ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിൻെറ മാർഗത്തിൽ ഒരുദിവസം നോമ്പനുഷ്ടിക്കുകയാണെങ്കിൽ അതു മുഖേന അല്ലാഹു അവൻെറ മുഖത്തെ എഴുപത് ഖരീഫ് നരകത്തിൽ നിന്നും അകറ്റുന്നതാണ്" (ബുഖാരി)

☞ സ്വർഗത്തിൻെറ വഴിയിലേക്ക് പ്രവേശിക്കുവാൻ നീ ഇഷ്ടപ്പെടുന്നില്ലേ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും വിജ്ഞാനം അന്വോഷിച്ച് ഒരു വഴിയിൽ പ്രവേശിക്കുകയാണെങ്കിൽ അല്ലാഹു അവനെ സ്വർഗത്തിൻെറ പാന്ഥാവിൽ പ്രവേശിപ്പിക്കുന്നതാണ്" (മുസ്‌ലിം)

☞ മുജാഹിദിൻെറയും, നോമ്പുകാരൻെറയും പ്രതിഫലം ആഗ്രഹിക്കുന്നുണ്ടോ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "വിധവയേയും, സാധുക്കളെയും സംരക്ഷിക്കുവാൻ പരിശ്രമിക്കുന്നവൻ അല്ലാഹുവിൻെറ മാർഗത്തിൽ ജിഹാദ് ചെയ്യുന്നവനെ പോലെയാണ്. ക്ഷീണിക്കാതെ നിന്ന് നമസ്കരിക്കുന്നത് പോലെ, നോമ്പ് മുറിക്കാതെ നോമ്പനുഷ്ടിക്കുന്നവനെ പോലെയാകുവാൻ ഞാൻ ആഗ്രഹിക്കുന്നു" (ബുഖാരി)

☞ ഹജ്ജിൻെറ പ്രതിഫലം നീ ആഗ്രഹിക്കുന്നില്ലേ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "റമളാനിലുള്ള ഒരു ഉംറ ഹജ്ജിന് തുല്ല്യമാകുന്നു, അല്ലെങ്കിൽ എന്നോടൊപ്പമുള്ള ഹജ്ജിന് തുല്ല്യമാകുന്നു" (മുസ്‌ലിം)

☞ അല്ലാഹുവിൻെറ തൃപ്തി നീ ആഗ്രഹിക്കുന്നില്ലേ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "ഒരു അടിമ ഭക്ഷണം കഴിച്ചിട്ട്, പാനീയം കുടിച്ചിട്ട് അല്ലാഹുവിനെ സ്തുതിക്കുകയാണെങ്കിൽ അല്ലാഹു അവനെ തൃപ്തിപ്പെടുന്നതാണ്" (ബുഖാരി)

☞ സ്വർഗത്തിൽ പ്രവാചകൻെറ സാമീപ്യം നീ ഇഷ്ടപ്പെടുന്നില്ലേ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "ഞാനും അനാഥയെ സംരക്ഷിക്കുന്നവനും സ്വർഗത്തിൽ ഇപ്രകാരമാണ്. പ്രവാചകൻ(ﷺ) തൻെറ ചൂണ്ടുവിരലും നടുവിരലും ഉയർത്തിക്കാണിക്കുകയുണ്ടായി" (ബുഖാരി)

☞ സ്വർഗ നിധി നിനക്ക് ലഭിക്കേണ്ടതില്ലേ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "ലാ ഹൗല വലാ കുവ്വത ഇല്ലാ ബില്ലാഹ്' സ്വർഗ നിധിയാകുന്നു" (ബുഖാരി)

☞ അല്ലാഹു നിന്നെ കണ്ടുമുട്ടുവാൻ ആഗ്രഹിക്കുന്നത് നീ ഇഷ്ടപ്പെടുന്നില്ലേ?

✫ പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിനെ കണ്ട്മുട്ടുന്നത് ഇഷ്ടപ്പെടുകയാണെങ്കിൽ അല്ലാഹു അവനെ കണ്ട്മുട്ടുവാൻ ആഗ്രഹിക്കുന്നതാണ്" (ബുഖാരി)



المكتب التعاوني للدعوة والإرشاد وتوعية الجاليات بالجبيل
قسم الجاليات المسلمة

# سارعوا إلى عمل الخيرات

إعداد: الشيخ/ محمد المنجد
ترجمة: سيد سعفر صادق

# നന്മയിലേക്ക് ധൃതിപ്പെടുക

മൊഴിമാറ്റം:
സയ്യിദ് സഹ്ഫർ സ്വാദിഖ്
ജുബൈൽ ദഅ്‌വ സെൻറർ
0508445603 - 03- 3625500- 1030